# STD - IX

## അദ്ധ്യാപക സഹായി

## പാഠം – അഞ്ച്   ക്രൈസ്തവ കുടുംബം   ഭാഗം – ഒന്ന്

### ലക്ഷ്യം

മാതാപിതാക്കളെ അനുസരിക്കുന്ന മക്കളും, മക്കളെ ദൈവസ്നേഹത്തിൽ വളർത്തുന്ന മാതാപിതാക്കളും അടങ്ങുന്ന ക്രൈസ്തവ കുടുംബങ്ങൾ സമൂഹത്തിന്റെ ഉപ്പും പുളി മാവുമായി വർത്തിക്കുന്നു.

മാതൃകാപരമായ ക്രിസ്തീയ ജീവിതംവഴി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷി ക്കാൻ നല്ല കുടുംബങ്ങൾക്ക് കഴിയും. കുടുംബത്തിൽ പരസ്പരം സ്നേഹിച്ചുകൊണ്ട് ഹൃദയ ഐക്യത്തിൽ ജീവിക്കും. മാതൃകാപരമായ ക്രിസ്തീയ ജീവിതം വഴി മറ്റുള്ള വരെ ക്രിസ്തുവിലേക്ക് ആകർഷിക്കും.

### പഠനസഹായികൾ

* CCC - 2204, 2205 (ക്രൈസ്തവ കുടുംബം), CCC-2253 (ദൈവവിളിക്കായ് കുട്ടി കളെ ഒരുക്കുന്നത്)
* Home movie line
* മാതാപിതാക്കളും മക്കളും കുടുംബത്തിൽ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിന്റെയും ഭക്ഷണം കഴിക്കുന്നതിന്റെയും ചിത്രങ്ങൾ.
* വചനം – എഫേ. 6:1–3
* പ്രാർത്ഥനയിലൂടെ ദുരന്തങ്ങളെ നേരിടുന്ന രണ്ട് കുടുംബങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.
* കുടുംബജീവിതത്തിന്റെ പശ്ചാത്തലത്തിൽ സഹനം എന്ന വാക്കിന്റെ അർത്ഥം നൽകുന്ന കഥ.

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവത്താൽ സ്ഥാപിതമായ എന്നതുകൊണ്ട് കുടുംബം പവിത്രമാണ്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ആണ് കുടുംബത്തിലൂടെ വ്യക്തികൾ പങ്കുചേരുന്നത്.
* നമ്മുടെ കുടുംബങ്ങൾ പ്രേഷിത ചൈതന്യമുള്ള കുടുംബങ്ങളാവണം. കുടുംബം പ്രേഷിതയാകുന്നത് നമ്മുടെ മാതൃകാപരമായ ജീവിതത്തിലൂടെ മറ്റുള്ളവരെ ക്രിസ്തു വിലേക്ക് ആകർഷിക്കുമ്പോഴാണ്.

## പ്രാർത്ഥന

പിതാവായ ദൈവമേ, മാതാപിതാക്കളെയും സഹോദരങ്ങളെയും സ്നേഹിച്ചുമനുസരിച്ചും ജീവിച്ച് സമൂഹത്തിന്റെ പുളിമാവായി മാറാനും യേശുവിന്റെ സാക്ഷികളായി മാറാനും പ്രേഷിത ചൈതന്യത്താൽ സഭയെ ധന്യയാക്കാനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ക്രിസ്തീയ കുടുംബത്തിന്റെ പ്രേഷിതദൗത്യങ്ങൾ എന്ത്?
2. ക്രിസ്തീയ കുടുംബത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
3. ദൈവത്തിന് പൂർണമായി സമർപ്പിച്ചിട്ടുള്ള അനേകം വ്യക്തികളെയും കുടുംബങ്ങളെയും പറ്റി ബൈബിളിൽ കാണാം. അതിൽ ഏതെങ്കിലും ഒരു കുടുംബത്തെപറ്റി ചെറിയ വിവരണം എഴുതുക. (അപ്പ. 16)

# STD - IX

## അദ്ധ്യാപക സഹായി

## പാഠം - അഞ്ച്   ക്രൈസ്തവ കുടുംബം   ഭാഗം - രണ്ട്

### ലക്ഷ്യം

മാതാപിതാക്കളെ അനുസരിക്കുന്ന മക്കളും, മക്കളെ ദൈവസ്നേഹത്തിൽ വളർത്തുന്ന മാതാപിതാക്കളും അടങ്ങുന്ന ക്രൈസ്തവ കുടുംബങ്ങൾ സമൂഹത്തിന്റെ ഉപ്പും പുളിമാവുമായി വർത്തിക്കുന്നു.

മാതൃകാപരമായ ക്രിസ്തീയ ജീവിതംവഴി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കാൻ നല്ല കുടുംബങ്ങൾക്ക് കഴിയും. കുടുംബത്തിൽ പരസ്പരം സ്നേഹിച്ചുകൊണ്ട് ഹൃദയ ഐക്യത്തിൽ ജീവിക്കും. മാതൃകാപരമായ ക്രിസ്തീയ ജീവിതം വഴി മറ്റുള്ളവരെ ക്രിസ്തുവിലേക്ക് ആകർഷിക്കും.

### പഠനസഹായികൾ

* CCC - 2204, 2205 (ക്രൈസ്തവ കുടുംബം), CCC-2253 (ദൈവവിളിക്കായ് കുട്ടികളെ ഒരുക്കുന്നത്)
* Home movie line
* മാതാപിതാക്കളും മക്കളും കുടുംബത്തിൽ ഒരുമിച്ച് പ്രാർത്ഥിക്കുന്നതിന്റെയും ഭക്ഷണം കഴിക്കുന്നതിന്റെയും ചിത്രങ്ങൾ.
* വചനം - എഫേ. 6:1–3
* പ്രാർത്ഥനയിലൂടെ ദുരന്തങ്ങളെ നേരിടുന്ന രണ്ട് കുടുംബങ്ങളുടെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.
* കുടുംബജീവിതത്തിന്റെ പശ്ചാത്തലത്തിൽ സഹനം എന്ന വാക്കിന്റെ അർത്ഥം നൽകുന്ന കഥ.

### പാഠത്തിന്റെ ഉള്ളടക്കം

* സ്നേഹം, സമർപ്പണം, സത്യസന്ധത, കരുതൽ തുടങ്ങിയ എല്ലാ മൂല്യങ്ങളും ഒരു വ്യക്തി അഭ്യസിക്കുന്നത് അവന്റെ കുടുംബത്തിൽനിന്നാണ്.
* ഈ മൂല്യങ്ങൾ മുറുകെപ്പിടിക്കുന്ന തലമുറയെ വാർത്തെടുക്കണമെങ്കിൽ കുടുംബത്തിൽ പ്രാർത്ഥന ഒഴിവാക്കരുത്.

* ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കുന്നു. പരസ്പര ഐക്യവും സ്നേഹവും വളരുകയും കുടുംബത്തിൽ ഈശ്വരാനുഗ്രഹം നിറയുകയും ചെയ്യുന്നു.
* വിശ്വാസികളുടെ ഏറ്റവും ചെറിയ സമൂഹം എന്ന നിലയിൽ കുടുംബത്തെ ഗാർഹികസഭ എന്ന് വിളിക്കുന്നു.
* കുടുംബം ഒരു കാട്ടായ്മ - ജോൺപോൾ രണ്ടാമൻ പാപ്പാ ക്രൈസ്തവ ജീവിതത്തിന്റെ പൊതുവായ നാലു കർത്തവ്യങ്ങൾ : വ്യക്തികളുടെ ഒരു സമൂഹം രൂപീകരിക്കുക, ജീവന്റെ വളർച്ചയ്ക്ക് സഹകരിക്കുക, സമൂഹത്തിന്റെ വികസനത്തിൽ ഭാഗഭാക്കാകുക, സഭയുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കുചേരുക

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, കുടുംബത്തിന്റെ സ്ഥാപനത്താൽ സ്നേഹമുള്ള മാതാപിതാക്കളെ ഞങ്ങൾക്ക് നൽകിയതിന് അങ്ങേയ്ക്ക് നന്ദി പറയുന്നു. ഞങ്ങളുടെ മാതാപിതാക്കളെ അനുസരിച്ചും ബഹുമാനിച്ചും ജീവിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകണമേ.

## ചോദ്യങ്ങൾ

1. കുടുംബത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യമെന്ത്?
2. ഗാർഹികസഭ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
3. ക്രൈസ്തവ കുടുംബങ്ങളിൽ നിന്നും ലഭിക്കുന്ന ധാർമ്മികമൂല്യങ്ങൾ ഏതെല്ലാം?
4. 'കുടുംബം ഒരു കൂട്ടായ്മ' എന്ന പ്രബോധനരേഖയിൽ പറയുന്ന ക്രൈസ്തവ ജീവിതത്തിന്റെ പൊതുവായ നാലു കർത്തവ്യങ്ങൾ ഏതെല്ലാം?
5. ക്രൈസ്തവ കുടുബങ്ങൾ നേരിടുന്ന ഇന്നത്തെ കാലഘട്ടത്തിലെ ഏതെങ്കിലും ഒരു പ്രധാനപ്പെട്ട വെല്ലുവിളിയെ എങ്ങനെ നേരിടാമെന്ന് വിവരിക്കുക.